LIBRARY ARCHIVES Kerala Legislative Assembly

മോഡൽ സഹകരണ നിയമം നടപ്പാക്കാൻ നടപടി

97 (4257) ശ്രീ. യു. സി. രാമൻ :
ശ്രീ. റ്റി. പി. എം. സാഹിർ :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോഡൽ സഹകരണ നിയമം നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ ;

(സി) ഇതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. എന്നാൽ സ്വാശ്രയ സഹകരണ നിയമം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) നിയമനിർമ്മാണം നടക്കുന്ന മുറയ്ക്ക് നടപ്പാക്കുന്നതാണ്.

(സി) സർക്കാർ ഓഹരി പങ്കാളിത്തമോ നിയന്ത്രണമോ ഇല്ലാത്തതും ലാഭ നഷ്ടങ്ങളിൽ അംഗങ്ങൾക്ക് ഉത്തരവാദിത്വം ഉള്ളതുമായ സംഘങ്ങൾ രൂപീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

സഹകരണ ബാങ്കുകളുടെ ആസ്തി

98 (4258) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനതല സഹകരണ ബാങ്കുകളുടെ ഇപ്പോഴത്തെ ആസ്തി എത്ര രൂപയാണെന്ന് ഓരോ ബാങ്കിന്റെയും തരം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ഓരോ ബാങ്കും പ്രവർത്തനം ആരംഭിക്കുമ്പോൾ ഉണ്ടായിരുന്ന ആസ്തി വെളിപ്പെടുത്തുമോ ;

(സി) ജില്ലാ സഹകരണ ബാങ്കുകൾ കാർഷിക സഹകരണ ബാങ്ക് ഉൾപ്പെടെ ഓരോന്നിന്റേയും ആസ്തി എത്ര യാണെന്നും, ബാങ്ക് തുടങ്ങിയ കാലത്തേക്കാൾ ഇപ്പോൾ എത്ര കുടുതലാണെന്നും വെളിപ്പെടുത്തുമോ ?

(ഡി) നഷ്ടത്തിലുള്ള ബാങ്കുകൾ ഉണ്ടോ? എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഇ) ആസ്തി വർദ്ധിച്ചിട്ടുള്ള ബാങ്കുകളിൽ നിലവിലുള്ള പലിശയേക്കാൾ കുറഞ്ഞ പലിശയ്ക്ക് അംഗങ്ങൾക്ക് വായ്പ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ എന്ത് നടപടിയെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ)1. കേരള സംസ്ഥാന സഹകരണ ബാങ്ക് = 257620.77 ലക്ഷം രൂപ

2. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് = 208690 ലക്ഷം രൂപ

(ബി)1. കേരള സംസ്ഥാന സഹകരണ ബാങ്ക് = 46.29 ലക്ഷം രൂപ

2. കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് = 110 ലക്ഷം രൂപ

(സി) വിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

(ഡി) കോട്ടയം, തൃശ്ശൂർ എന്നീ ജില്ലാ സഹകരണ ബാങ്കുകൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. വായ്പ കുടിശ്ശിക വർദ്ധനവ് ഉണ്ടായതിനാൽ നബാർഡിന്റെ മാനദണ്ഡം പ്രകാരം നിഷ്ക്രിയ ആസ്തികൾക്ക് കരുതൽ സൃഷ്ടിക്കേണ്ടി വന്നതിനാലാണ് നഷ്ടം സംഭവിച്ചത്.

(ഇ) ഉദ്ദേശിക്കുന്നില്ല.

പുതിയതായി ആരംഭിച്ചിട്ടുള്ള അർബൻ ബാങ്കുകളുടെ പ്രവർത്തന പരിധി

99 (4259) ശ്രീ. എം. വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതിയതായി ആരംഭിച്ചിട്ടുള്ള അർബൻ ബാങ്കുകൾക്ക് പ്രവർത്തന പരിധി (ഏരിയ ഓഫ് ഓപ്പറേഷൻ) നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) കോട്ടയം ജില്ലയിൽ എത്ര അർബൻ ബാങ്കുകൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രവർത്തന ബാങ്കുകളിലെ ഉദ്യോഗസ്ഥ നിയമനത്തിനോ തസ്തിക അനുവദിക്കുന്നതിനോ സർക്കാർ അനുമതി ആവശ്യമാണോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(ഇ) വൈക്കം ടൗണിൽ അടുത്തടുത്ത കെട്ടിടങ്ങളിലായി അർബൻ ബാങ്കുകൾ അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര എണ്ണം ആരുടെ പേരിലെന്ന് വിശദമാക്കാമോ ;

(എഫ്) ഇക്കാര്യത്തിൽ ഏരിയാ ഓഫ് ഓപ്പറേഷൻ ബാധകമായിരുന്നോ ;

(ജി) പ്രസ്തുത ബാങ്ക് അനുമതിയുമായി ബന്ധപ്പെട്ട അഴിമതി ആരോപണം സർക്കാരിന്റെ ശ്രദ്ധയിൽ ലഭിച്ചിട്ടുണ്ടോ ;

(എച്ച്) എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടെങ്കിൽ വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly